# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ യൂദാ തദേവൂസ്



നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരാളാണ് വി.യൂദാ തദേവൂസ്. നമ്മുടെ കർത്താവ് സ്വീഡനിലെ വി. ബ്രിജീത്തായ്ക്കു കാണപ്പെട്ടപ്പോൾ പറഞ്ഞു. തദേവൂസ് എന്ന പേരിന്റെ അർത്ഥം സ്നേഹമുള്ളവൻ എന്നാണ്.

വി. യൂദാ കർത്താവിന്റെ രക്തബന്ധത്തിൽപ്പെട്ടവനായിരുന്നു. പരിശുദ്ധ കന്യകാമറിയം തന്റെ അമ്മാവിയും നമ്മുടെ കർത്താവ് സഹോദരനും ആയിരുന്നു. സുവിശേഷത്തിൽ അറിയപ്പെടുന്ന ക്ലെയോപ്പാസിന്റെയും മേരി ക്ലെയോപ്പാസിന്റെയും മകനായിരുന്നു വിശുദ്ധൻ. അടുത്ത ബന്ധു എന്ന നിലയിൽ ബാല്യംമുതൽ ക്രിസ്തുവുമായി അദ്ദേഹം സഹവസിച്ചിരുന്നു. ജീവിച്ചിരിക്കുമ്പോൾ തന്നെ പല അത്ഭുതങ്ങളും വിശുദ്ധൻ ചെയ്തിരുന്നു. രക്തസാക്ഷിയായി വിശുദ്ധൻ മരിച്ചു. മതവിരോധികൾ അദ്ദഹത്തെ ഗദ കൊണ്ടടിച്ച് അവശനാക്കിയിട്ട് ശിരഛേദനം ചെയ്യുകയാണുണ്ടായത്.

മാനുഷികശക്തിയെ വെല്ലുവിളിക്കുന്ന മാറാവ്യാധിയോ, വൈദ്യശാസ്ത്രത്തിന്റെ കഴിവുകളെ മറികടക്കുന്ന രോഗമോ, ദാരിദ്ര്യമോ, നിരാശയോ, മാനസികാസ്വാസ്ഥ്യമോ, കുടുംബകലഹമോ, പൈശാചിക ഉപദ്രവങ്ങളോ എന്തായിരുന്നാലും അവയിൽ നിന്നൊരു രക്ഷാമാർഗ്ഗം വിശുദ്ധൻ തന്റെ ഭക്തന്മാർക്കു പ്രത്യേകമായും കാണിച്ചുകൊടുക്കും. അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥൻ എന്നറിയപ്പെടുന്ന വി. യൂദാതദേവൂസ് തന്റെ ആശ്രിതർക്ക് ഏതുവിഷമ പ്രശ്നങ്ങളിലും പ്രതിവിധിയും ആശ്വാസവും എത്തിച്ചുകൊടുക്കുന്നു.

വിശുദ്ധ യൂദാ തദേവൂസേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ